ഹദീസ്

**അനീസ് റഹ്മാൻ പത്തനാപുരം**
aneesptpm@gmail.com

# നനവുള്ളതാകട്ടെ ഓരോ ഹൃദയവും...

عَنْ أَبِي مُوسَى، عَنِ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ: إِنَّ مَثَلَ مَا بَعَثَنِيَ اللَّهُ بِهِ عَزَّ وَجَلَّ مِنَ الْهُدَى وَالْعِلْمِ، كَمَثَلِ غَيْثٍ أَصَابَ أَرْضًا، فَكَانَتْ مِنْهَا طَائِفَةٌ طَيِّبَةٌ قَبِلَتِ الْمَاءَ، فَأَنْبَتَتِ الْكَلأَ وَالْعُشْبَ الْكَثِيرَ، وَكَانَ مِنْهَا أَجَادِبُ أَمْسَكَتِ الْمَاءَ، فَنَفَعَ اللَّهُ بِهَا النَّاسَ، فَشَرِبُوا مِنْهَا وَسَقَوْا وَرَعَوْا، وَأَصَابَ طَائِفَةً مِنْهَا أُخْرَى، إِنَّمَا هِيَ قِيعَانٌ؛ لَا تُمْسِكُ مَاءً، وَلَا تُنْبِتُ كَلأً، فَذَلِكَ مَثَلُ مَنْ فَقُهَ فِي دِينِ اللَّهِ وَنَفَعَهُ بِمَا بَعَثَنِيَ اللَّهُ بِهِ، فَعَلِمَ وَعَلَّمَ، وَمَثَلُ مَنْ لَمْ يَرْفَعْ بِذَلِكَ رَأْسًا، وَلَمْ يَقْبَلْ هُدَى اللَّهِ الَّذِي أُرْسِلْتُ بِهِ (متفق عليه)

**അബൂമൂസൽ അശ്അരിയിൽനിന്ന്. നബി (സ) അരുളി: "അല്ലാഹു എന്നെ എന്തിന് നിയോഗിച്ചുവോ, ആ മാർഗദർശനത്തിന്റെയും ജ്ഞാനത്തിന്റെയും ഉപമ ഇതാണ്: ഭൂമിയിൽ മഴ വർഷിച്ചു. അവിടെ ഉത്കൃഷ്ടമായ ഒരു ഭാഗം ഉണ്ടായിരുന്നു. അത് വെള്ളം സ്വീകരിക്കുകയും അതുവഴി ധാരാളം ചെടിയും പുല്ലും മുളക്കുകയും ചെയ്തു. ഭൂമിയുടെ മറ്റൊരു ഭാഗം ഉറച്ച നിലമായിരുന്നു. അത് വെള്ളം പിടിച്ചുനിർത്തി. അതുവഴി അല്ലാഹു ജനങ്ങൾക്ക് പ്രയോജനമേകി. അവർ അതിൽനിന്ന് കുടിക്കുകയും നനക്കുകയും കാലികളെ കുടിപ്പിക്കുകയും ചെയ്തു. ഭൂമിയുടെ മറ്റൊരു ഭാഗത്തും മഴ വർഷിച്ചു. ആ പ്രദേശം നിരപ്പായ, മിനുസമുള്ള സ്ഥലമായതിനാൽ വെള്ളം പിടിച്ചുവെക്കുകയോ സസ്യം മുളപ്പിക്കുകയോ ചെയ്തില്ല. ഇതാണ് പ്രതാപിയും മഹാനുമായ അല്ലാഹുവിന്റെ ദീനിൽ ജ്ഞാനം നേടിയവന്റെ ഉപമ. അല്ലാഹു ഏതൊന്നുമായി എന്നെ നിയോഗിച്ചുവോ അതവന് പ്രയോജനപ്പെട്ടു. അതവൻ ഗ്രഹിക്കുകയും മറ്റുള്ളവരെ പഠിപ്പിക്കുകയും ചെയ്തു. അതിനു നേരെ തലയുയർത്താതെ, ഞാൻ നിയോഗിക്കപ്പെട്ട ദൈവിക മാർഗദർശനം ഉൾക്കൊള്ളാതിരുന്നവന്റെ ഉപമയും ഇതുതന്നെ" (ബുഖാരി, മുസ്‌ലിം).**

ഉപമകളാൽ സമ്പന്നമാണ് പ്രവാചക വചനങ്ങൾ. വലിയ വലിയ ആശയങ്ങൾ ലളിതമായ ഉപമകളിലൂടെ അവതരിപ്പിക്കുന്ന പ്രവാചക വചനങ്ങൾ സമാനതകളില്ലാത്തതാണ്. അത്തരത്തിൽ അല്ലാഹു പ്രവാചകന് നൽകിയ മാർഗദർശനത്തെയും വിജ്ഞാനത്തെയും മനോഹരമായ ഒരു ഉപമയിലൂടെ വിശദീകരിക്കുകയാണ് ഇവിടെ. ഈ ഹദീസിന്റെ വിശദീകരണത്തിൽ ഇമാം ഖുർത്വുബി അടക്കമുള്ള പണ്ഡിതന്മാരെ ഉദ്ധരിച്ചുകൊണ്ട് ഇമാം ഇബ്നുഹജറുൽ അസ്ഖലാനി എഴുതുന്നു: ''ജനങ്ങൾ ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന മഴയോടാണ് താൻ കൊണ്ടുവന്ന ദീനിനെ പ്രവാചകൻ ഉപമിച്ചിരിക്കുന്നത്. അദ്ദേഹത്തിന്റെ നിയോഗത്തിനു മുമ്പ് ജനങ്ങളുടെ അവസ്ഥയും അതുതന്നെയായിരുന്നു. വരണ്ടുണങ്ങി നിർജീവമായിക്കിടന്ന പ്രദേശം മഴ പെയ്ത് ജീവസ്സുറ്റതായിത്തീരുന്നതു പോലെ, ദീനീവിജ്ഞാനം മനുഷ്യഹൃദയങ്ങളെ ആർദ്രതയുള്ളതാക്കി മാറ്റുന്നു'' (*ഫത്ഹുൽ ബാരി*)

പലവിധ കാരണങ്ങളാൽചുട്ടുപൊള്ളിക്കൊണ്ടിരിക്കുന്ന മനുഷ്യമനസ്സുകൾക്ക് ആശ്വാസത്തിന്റെയും കുളിരിന്റെയും തീർഥ ജലമാണ് ഇസ്‌ലാം. എന്നാൽ, ലഭിക്കുന്ന മഴ ഒന്നുതന്നെയാണെങ്കിലും ഓരോ ഭൂപ്രദേശവും അത് ആഗിരണം ചെയ്യുന്നത് വ്യത്യസ്ത തോതിലാണ് എന്നപോലെതന്നെ, ഇസ്‌ലാമിനെ ഓരോ ഹൃദയവും സ്വീകരിക്കുന്നത് വ്യത്യസ്ത രീതികളിലാണ്. ഇത്തരത്തിൽ മൂന്നുതരം വ്യത്യസ്ത ഭൂഭാഗങ്ങളെ അഥവാ മൂന്നുതരം ആളുകളെ ഈ ഹദീസ് പരിചയപ്പെടുത്തുന്നു.

ഉത്കൃഷ്ടമായ ഭാഗം എന്നാണ് ഒന്നാമത്തെ ഭൂഭാഗത്തെ പ്രവാചകൻ വിശേഷിപ്പിച്ചത്. കാരണം, ആ പ്രദേശം മഴവെള്ളം പൂർണമായി വലിച്ചെടുക്കുകയും ധാരാളം ചെടികൾക്ക് വളരാൻ അവസരമൊരുക്കുകയും ചെയ്യുന്നു. ഇസ്‌ലാമിനെ ആദർശവും ജീവിത വ്യവസ്ഥയുമായി സ്വീകരിച്ചവരുടെ ജീവിതവും ഇതിനു സമാനമാണ്. അതിന്റെ സദ്ഫലങ്ങൾ അവരുടെ ജീവിതത്തിൽ പ്രകടമാകുന്നതുപോലെത്തന്നെ അവർക്ക് ചുറ്റുമുള്ളവരുടെ ജീവിതത്തിലും അത് പ്രതിഫലിക്കും. തങ്ങളിലേക്ക് മാത്രമായി ഒതുങ്ങിക്കൂടാതെ, സമൂഹത്തിന്റെ ആവശ്യങ്ങൾക്കു കൂടി ചെവികൊടുക്കുന്നവരാണ് ഇക്കൂട്ടർ. ജലവും ലവണങ്ങളുമെല്ലാം വലിച്ചെടുത്ത് ഭൂമി ഫലഭൂയിഷ്ഠമാകുന്നത് ചെടികൾക്ക് വളരാനാണെന്നതു പോ

ലെ, ഇസ്‌ലാമിൽനിന്ന് ഊർജം ഉൾക്കൊണ്ട ഈ വിഭാഗം മുഴുവൻ മനുഷ്യരുടെയും ഉന്നമനത്തിനായി സദാ കർമനിരതരായിരിക്കും. ഈ വിഭാഗത്തെക്കുറിച്ച് ഇമാം നവവി എഴുതുന്നു: ''തങ്ങളിലേക്കെത്തിയ ജ്ഞാനത്തെ ഹൃദയത്തിൽ ആവാഹിച്ചവരാണ് ഇക്കൂട്ടർ. അവർ ആ ജ്ഞാനത്തിന്റെ കർമസാക്ഷ്യമാവുന്നതോടൊപ്പം തന്നെ മറ്റുള്ളവരിലേക്കും അതിന്റെ പ്രയോജനമെത്തിക്കുന്നു'' (*അൽ മിൻഹാജ്*). ഈയൊരു തലത്തിലേക്ക് ഉയരാനാണ് ഹദീസ് നമ്മോട് ആവശ്യപ്പെടുന്നത്. അതിന്റെ ആദ്യപടിയാണ് നമ്മുടെ വാക്കും പ്രവൃത്തിയും ഒന്നാവുക എന്നത്. നാം പ്രബോധനം ചെയ്യുന്ന ആശയാദർശങ്ങളുടെ ജീവിക്കുന്ന മാതൃകകളാവാൻ നമുക്കാവണം. ആ ആദർശത്തിന്റെ സ്വാധീനം നമ്മുടെ ജീവിതത്തിൽ പ്രതിഫലിക്കുന്നില്ല എങ്കിൽ നമ്മുടെ പ്രവർത്തനങ്ങൾ ഇരുലോകത്തും നിഷ്ഫലമായിത്തീരും.

രണ്ടാമത്തെ പ്രദേശം നല്ലപോലെ ഉറച്ചതാണ്. അത് വെള്ളത്തെ വലിച്ചെടുക്കുകയോ മറ്റൊരിടത്തേക്ക് ഒഴുക്കിക്കളയുകയോ ചെയ്യുന്നതിനു പകരം ഒരിടത്ത് തടഞ്ഞുനിർത്തിയിരിക്കുന്നു. ആ ജലം ജനങ്ങൾക്കും കാലികൾക്കും കുടിക്കാനും മറ്റു കാർഷികാവശ്യങ്ങൾക്കും പ്രയോജനപ്പെടുന്നു. ഇതാണ് ഇസ്‌ലാമിന്റെ ആശയാദർശങ്ങളെ സംബന്ധിച്ച് നല്ല അറിവുണ്ടെങ്കിലും വ്യക്തിജീവിതത്തിൽ അവ പ്രയോഗവത്കരിക്കാത്ത ആളുകളുടെ ഉപമ. അവരുടെ അറിവും ജ്ഞാനവും ബാക്കിയുള്ളവർക്ക് ഉപകാരപ്പെടുമെങ്കിലും അവരുടെ സ്വന്തം ജീവിതത്തിൽ അവയുടെ സ്വാധീനം നന്നേ കുറവായിരിക്കും. അക്കാദമികമായി മാത്രം ഇസ്‌ലാമിനെ ഉൾക്കൊണ്ടവരാണ് ഇക്കൂട്ടർ. ഇമാം നവവി ഇവരെക്കുറിച്ച് എഴുതുന്നു: ''അവർ അതിനെ (ഇസ്‌ലാമിനെ) അനുധാവനം ചെയ്യുന്നതിലോ പ്രയോഗവത്കരിക്കുന്നതിലോ തീരെ ഉത്സാഹം കാണിക്കാറില്ല. അവരത് പഠിക്കുകയും അവരുടെ അടുക്കലെത്തുന്ന വിദ്യാർഥികൾക്ക് പഠിപ്പിച്ചുകൊടുക്കുകയും മാത്രമാണ് ചെയ്യുന്നത്'' (*അൽ മിൻഹാജ്*).

'ഖീആൻ' എന്നാണ് മൂന്നാമത്തെ പ്രദേശത്തെ പ്രവാചകൻ പരിചയപ്പെടുത്തുന്നത്. ചെടികൾ വളരാത്ത, നിരപ്പായ, മിനുസമുള്ള പ്രദേശം എന്നാണ് അതിന്റെ അർഥം. ലഭിക്കുന്ന വെള്ളം വലിച്ചെടുക്കുകയോ തടഞ്ഞു നിർത്തുകയോ ചെയ്യാതെ അങ്ങനെ തന്നെ അതൊഴുക്കിക്കളയും. അതിനാൽതന്നെ അവിടെ ചെടികളൊന്നും വളരുകയുമില്ല. ഇസ്‌ലാമിനെ സ്വയം കൈക്കൊള്ളാതിരിക്കുകയും മറ്റുള്ളവർക്ക് അതിന് അവസരം നിഷേധിക്കുകയും ചെയ്യുന്നവരെക്കുറിച്ചാണ് ഈ ഉപമ. ഒരു പുൽക്കൊടി പോലും വളരാത്ത, ആർക്കും ഒരു പ്രയോജനവുമില്ലാത്ത പാഴ്ഭൂമി പോലെ ഒരു പാഴ്ജീവിതം. ഇസ്‌ലാമിനെ ഉള്ളിലേക്കാവാഹിച്ച മണ്ണിനു മാത്രമേ പച്ചപ്പ് സൃഷ്ടിക്കാനാവൂ എന്നും അല്ലാത്തവക്ക് ഒരു പുൽനാമ്പിനു പോലും ജന്മം നൽകാനാവില്ലെന്നും ഈ ഹദീസ് നമ്മെ പഠിപ്പിക്കുന്നു.